പനിപ്പേടിയിൽ ജില്ല

● പകർച്ചപ്പനികൾക്കെതിരേ ജാഗ്രതാനിർദേശവുമായി ആരോഗ്യവകുപ്പ്

ആലപ്പുഴ: ഇൻഫ്ളുവൻസ ഇനത്തിൽപ്പെട്ട പകർച്ചപ്പനികൾക്കെതിരെ ജില്ലയിൽ ജാഗ്രതാ നിർദ്ദേശം. പക്ഷിപ്പനി, എച്ച്1എൻ1 എന്നിവക്കെതിരെ പ്രതിരോധ ശീലങ്ങൾ പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസ് അറിയിച്ചു. രോഗബാധിതരായ പക്ഷികളിൽനിന്ന് അപൂർവം ഘട്ടങ്ങളിൽ മനുഷ്യരിലേക്ക് പകരുന്ന രോഗമാണ് പക്ഷിപ്പനി. മനുഷ്യരിലേക്ക് ബാധിച്ചാൽ രോഗം മാരകമാകാം. വളർത്തു പക്ഷികൾക്കിടയിൽ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതാണ്.

രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരെയും ആരോഗ്യപ്രവർത്തകരെയും ഉടൻതന്നെ അറിയിക്കുക. രോഗബാധിതരായ പക്ഷികളുമായി സമ്പർക്കത്തിൽ ആയവർ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി അനുസരിക്കുക. ശക്തമായ ശരീരവേദന, പനി, ചുമ, ശ്വാസംമുട്ടൽ, ജലദോഷം, കഫത്തിൽ രക്തം മുതലായവയാണ് രോഗ ലക്ഷണങ്ങൾ.

പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ താമസിക്കുന്നവരും കോഴി താറാവ്, കാട തുടങ്ങിയ വളർത്തു പക്ഷികളെ കൈകാര്യം ചെയ്യുന്നവരും ഈ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് ഇത്തരത്തിലുള്ള രോഗലക്ഷണങ്ങൾ സംശയിച്ചാൽ എത്രയും പെട്ടെന്ന് ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കുക. സ്വയം ചികിത്സ അരുതെന്നും ജില്ലാ മെഡിക്കൽ ഓഫീസ് അറിയിച്ചു.

ഈമാസം സ്ഥിരീകരിച്ചത് ഒമ്പത് എച്ച്1 എൻ1 കേസുകൾ

ആലപ്പുഴ: ജില്ലയിൽ ഈ വർഷം ഇതുവരെ റിപ്പോർട്ട് ചെയ്തത് 35 എച്ച്1 എൻ1 കേസുകൾ. ഏപ്രിലിലും ഈ മാസവും ജില്ലയിൽ ഒമ്പത് കേസുകൾ വീതമാണ് റിപ്പോർട്ട് ചെയ്തത്. ഈ സാഹചര്യത്തിൽ എച്ച്1എൻ1 പനിക്കെതിരെ ജാഗ്രത വേണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസ് അറിയിച്ചു.

തുടർച്ചയായ തുമ്മൽ, പനി, തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, ശ്വാസതടസം, ഛർദ്ദി എന്നിവ ലക്ഷണങ്ങളാണ്. രോഗബാധയുള്ളവർ വായും മൂക്കും പൊത്താതെ തുമ്മുകയും ചുമക്കുകയും ചെയ്യുമ്പോഴും മറ്റുള്ളവരുമായി അടുത്തിടപഴകുമ്പോഴും രോഗിയുടെ സ്രവങ്ങൾ പുരളാനിടയുള്ള പ്രതലങ്ങളിൽ സ്പർശിക്കുന്നതിലൂടെയും രോഗാണു ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് എത്തി രോഗ പകർച്ച ഉണ്ടാക്കുന്നു.

രോഗപ്രകർച്ച തടയാൻ പ്രതിരോധ ശീലങ്ങൾ പാലിക്കണം. രോഗമുള്ളയാൾ കർശനമായും മാസ്ക് ധരിക്കുക. കൈകൾ ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കഴുകുക. പനിയുള്ളപ്പോൾ മറ്റുള്ളവരിൽനിന്ന് അകലം പാലിക്കുകയും പൊതുസ്ഥലങ്ങൾ, ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോകാതിരിക്കുകയും ചെയ്യുക.

പനി ഉള്ളപ്പോൾ കുഞ്ഞുങ്ങളെ അങ്കണവാടികൾ, ക്രഷ് എന്നിവിടങ്ങളിൽ വിടാതിരിക്കുക. രോഗം ഇല്ലാത്തവരും പൊതുസ്ഥലങ്ങളിലും തിരക്കുള്ള ഇടങ്ങളിലും ആശുപത്രി സന്ദർശന വേളകളിലും മാസ്ക് ധരിക്കുക. നന്നായി വിശ്രമിക്കുക. തിളപ്പിച്ചാറിയ വെള്ളം, കഞ്ഞിവെള്ളം, പാനീയങ്ങൾ തുടങ്ങിയവ ധാരാളം കുടിക്കുകയും പോഷകപ്രദമായ ഭക്ഷണം കഴിക്കുകയും ചെയ്യുക. ഗർഭിണികൾ, പ്രമേഹം രക്താതിമർദ്ദം ശ്വാസകോശ രോഗങ്ങൾ, വൃക്ക രോഗങ്ങൾ തുടങ്ങി മറ്റു രോഗങ്ങൾ ക്ക് ചികിത്സയിലിരിക്കുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഇവർക്ക് ചെറിയ ജലദോഷം വന്നാൽ പോലും ഉടൻ വൈദ്യസഹായം സ്വീകരിക്കേണ്ടതാണ്.

സമ്പർക്കം മൂലം എച്ച്1എൻ1 പിടിപെടാൻ സാധ്യത കൂടുതൽ ഉള്ളവരും ഗുരുതര രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്ന രോഗ സാധ്യത കൂടിയ ആളുകളും മെഡിക്കൽ ഓഫീസറുടെ നിർദേശ പ്രകാരം പ്രതിരോധ മരുന്ന് കഴിക്കേണ്ടതാണ്. എച്ച്1എൻ1 പനിക്ക് ഫലപ്രദമായ ചികിത്സ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാണ്. രോഗം സ്ഥിരീകരിക്കുന്നതിനുള്ള സ്രവ പരിശോധനകളും ലഭ്യമാണ്.

പകർച്ചപ്പ നികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പനി, ശരീരവേദന ജലദോഷം തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഒരു കാരണവശാലും സ്വയം ചികിത്സ പാടില്ല. തൊട്ടടുത്തുള്ള സർക്കാർ ആശുപത്രിയിൽ എത്തി ചികിത്സ തേടുക.

● മകരച്ചാൽ പാടത്ത് വിളവെടുത്ത നെല്ല് റോഡിൽ നിരത്തി ചൂടാക്കുന്ന കർഷകൻ അനിൽ.

● നെല്ല് സംഭരിക്കാൻ മില്ലുടമകളില്ല

കൊയ്തെടുക്കാൻ കഴിയാതെ 12 ഏക്കർ ഉപേക്ഷിച്ചു

എടത്വാ: വിളവെടുത്ത പാടത്തെ നെല്ല് സംഭരിക്കാൻ മില്ലുടമകളില്ല. യന്ത്രം താഴുന്ന തിനാൽ കൊയ്തെടുക്കാൻ കഴിയാതെ 12 ഏക്കറിലെ നെൽക്കൃഷി ഉപേക്ഷിച്ചു. തലവടി കൃഷിഭവൻ പരിധിയിൽപ്പെട്ട മകരച്ചാൽ പാടത്തെ നെല്ല് സംഭരണമാണ് 17 ദിവസമായി മുടങ്ങിക്കിടക്കുന്നത്. 68 ഏക്കർ വിസ്തൃതിയുള്ള പാടശേഖരം അനിൽ എന്ന കർഷകൻ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തത്. 56 ഏക്കർ സ്ഥലത്തെ നെൽകൃഷി യന്ത്ര സഹായത്തിൽ കൊയ്തെടുത്തിരുന്നു. കൊയ്തെടുത്ത നെല്ല് പാടത്തും റോഡിലുമായി കൂട്ടിയിട്ടിരിക്കുകയാണ്.

കൊയ്ത്ത് യന്ത്രം താഴുമെന്ന കാരണത്താൽ 12 ഏക്കറോളം കൊയ്തെടുക്കാൻ കഴിയാതെ ഉടമകൾ യന്ത്രവുമായി മടങ്ങി. കൊയ്തെടുത്ത നെല്ല് സംഭരിക്കണമെന്നാവശ്യപ്പെട്ട് പാഡി ഓഫീസർക്ക് കർഷകൻ പാരാതി നൽകി. കഴിഞ്ഞ എട്ടിന് പാഡി ഓഫീസർ സ്ഥലം സന്ദർശിച്ച് സംഭരിക്കുന്ന മില്ലുടമകളുടെ മേൽവിലാസം നൽകിയതല്ലാതെ പിന്നീടാരും ഇവിടേയ്ക്ക് തിരിഞ്ഞു നോക്കിയില്ല.

കഴിഞ്ഞ 17 ദിവസമായി കൊയ്തെടുത്ത നെല്ലിന് കാവലിരിക്കുകയാണ് കർഷകൻ. വേനൽമഴ ശക്തി പ്രാപിച്ചാൽ വിളവെടുത്ത നെല്ല് നശിക്കാനും ഈർപ്പത്തിന്റെ പേരിൽ വലിയ കിഴിവ് നൽകേണ്ടതായും വരും.

വിളവെടുക്കാത്ത സ്ഥലത്തെ നെല്ല് തൊഴിലാളികളെ ഉപയോഗിച്ച് കൊയ്തെടുത്താൽ കർഷകന് കനത്ത നഷ്ടം നേരിടണം. അതിനാൽ 12 ഏക്കർ ഉപേക്ഷിക്കാനാണ് കർഷകൻ തീരുമാനിച്ചത്. കഴിഞ്ഞ പുഞ്ച കൃഷി നീസണിൽ ഇതേ കർഷകൻ ഈ പാടത്തുനിന്ന് പത്ത് ലോഡോളം നെല്ല് കയറ്റി വിട്ടിരുന്നു. ഇക്കുറി മൂന്നര ലോഡ് പോലും തികച്ചില്ലെന്ന് കർഷകൻ പറയുന്നു.

പലരിൽ നിന്ന് പണം കടം വാങ്ങിയും പലിശയ്ക്കെടുത്തുമാണ് ഇക്കുറി വിതയിറക്കിയത്. നാലുമാസത്തിലെ അധ്വാനത്തിനൊടുവിൽ പ്രതീക്ഷിച്ച വിളവ് ലഭിച്ചില്ലെന്ന് മാത്രമല്ല സംഭരണവും നിലച്ചുകിടക്കുകയാണ്.

സർക്കാർ നെൽകൃഷി മേഖലയെ പരിഭോഷിപ്പിക്കാൻ പ്രഖ്യാപനം നടത്തുന്നതല്ലാതെ ഫലത്തിൽ കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുകയാണ്. 12 ഏക്കറിൽ വിളവ് ഉപേക്ഷിച്ചെങ്കിലും വിളവെടുത്ത പാടത്തെ സംഭരണം നടത്തിയില്ലെങ്കിൽ വീണ്ടും കർഷക ആത്മഹത്യ ഉണ്ടാകാനാണ് സാധ്യത.

● തലവടി കുഴിപ്പള്ളിയിൽ നേർച്ചയായി നടത്തിയ ശയനപ്രദക്ഷിണം.

തലവടി കുഴിപ്പള്ളിയിൽ ശയനപ്രദക്ഷിണം നേർച്ച

എടത്വാ: ക്രൈസ്തവ ദേവാലയത്തിൽ നേർച്ചയായി ശയനപ്രദക്ഷിണം. തലവടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി(കുഴിപ്പള്ളി)യിൽ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹയുടെ ഓർമപ്പെരുന്നാളിന്റെ ഭാഗമായാണ് വിശ്വാസികൾ ശയനപ്രദക്ഷിണം നടത്തിയത്. കോരിച്ചൊരിയുന്ന വേനൽമഴയെ അവഗണിച്ച് നൂറുകണക്കിന് ഭക്തരാണ് ഉരുളൽ നേർച്ചയിൽ പങ്കെടുത്തത്.

ഇടവക വികാരി ഫാ. റോബിൻ വർഗീസ് മേടയ്ക്കൽ റാസയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഫാ. തോമസ് പുരയ്ക്കൽ വചന പ്രഭാഷണം നടത്തി. രാവിലെ എട്ടിന് നടന്ന മൂന്നിന്മേൽ കുർബാനയ്ക്ക് ഡോ. ഗീവർഗീസ് മാർ ബർന്നബാസ് നേതൃത്വം നൽകി. ഇടവകയിലെ 80 വയസ് പൂർത്തിയായവരെ ആദരിച്ചു. ഇടവക ട്രസ്റ്റി കോശി തോമസ് കന്യാകോണിൽ, സെക്രട്ടറി ചെറിയാൻ വർക്കി ഇടയത്ര, കൺവീനർ പ്രിൻസ് പീറ്റർ പാലത്തിങ്കൽ, ജോ.കൺവീനർ സോണി ജോസഫ് ചക്കാലയിൽ എന്നിവർ നേതൃത്വം നൽകി.

വയർമെൻ അസോസിയേഷൻ പ്രതിഷേധ ധർണ നാളെ

ആലപ്പുഴ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ജില്ലാ ഓഫീസ് പിടിക്കൽ കേരള ഇലക്ട്രിക്കൽ വയർമെൻ ആൻഡ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ (കെ.ഇ.ഡബ്ല്യു.എസ്.എ) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ രാവിലെ പത്തിന് പ്രതിഷേധ ധർണ നടത്തും. അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി.വി. രാജു ഉദ്ഘാടനം ചെയ്യും.

പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക, പെൻഷനായവരുടെ അടച്ച തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുക, വിവിധ ആനുകൂല്യങ്ങളുടെ വിതരണ കാലതാമസം ഒഴിവാക്കുക, കെട്ടിട ഉടമകളിൽ നിന്നും സെസ് പിരിച്ചെടുക്കൽ വേഗത്തിലാക്കുക, സെസ് പിരിക്കലിലെ ഉദാസീനത അവസാനിപ്പിക്കുക എന്നിവയാണ് ധർണയിലൂടെ ഉന്നയിക്കുന്ന ആവശ്യങ്ങൾ. ജില്ലാ ഭാരവാഹികളായ കെ. ജയദേവൻ, ഡേവിഡ് ജോൺ, ആർ. അണ്ണാദുരൈ, വി. സതീശൻ, എം. മുജീബ് റഹ്മാൻ എന്നിവർ നേതൃത്വം നൽകും.

കർഷകത്തൊഴിലാളി ക്ഷേമനിധി അംശാദായം സ്വീകരിക്കൽ

ആലപ്പുഴ: കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുള്ള കർഷകത്തൊഴിലാളികളിൽനിന്നും അംശാദായം സ്വീകരിക്കുന്നു. 18ന് ചെറിയനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്, 21ന് ചെങ്ങന്നൂർ മുൻസിപ്പാലിറ്റി ഓഫീസ് 23ന് മുളക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ്, 25ന് ആലഗ്രാമപഞ്ചായത്ത് ഓഫീസ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ വെച്ച് രാവിലെ 10 മുതൽ ഉച്ചയ്ക്ക് രണ്ടുവരെ അംശാദായംസ്വീകരിക്കുന്നതാണെന്നും അംശാദായം അടയ്ക്കേണ്ടവർ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്നും കർഷക തൊഴിലാളി ക്ഷേമനിധി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എസ്. ശ്രീജിത്ത് അറിയിച്ചു.

എടത്വാ പള്ളിയിൽ എട്ടാമിടം ഇന്ന്

എടത്വാ: പ്രസിദ്ധ തീർഥാടന കേന്ദ്രമായ എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ തിരുനാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് എട്ടാമിടം ഇന്ന് നടക്കും. ഇടവകാംഗങ്ങളും തദ്ദേശീയരായ നാനാജാതി വിഭാഗങ്ങളും ചേർന്നാണ് എട്ടാമിടം ആഘോഷിക്കുന്നത്.

വലിയ തിരുനാളിന് തിരുസ്വരൂപം വഹിച്ചതും പ്രദക്ഷിണത്തിന് നേതൃത്വം വഹിച്ചതും തമിഴ്നാട്ടിൽ നിന്നെത്തിയ തീർഥാടകരായിരുന്നെങ്കിൽ ഇന്ന് വൈകിട്ട് നാലിന് നടക്കുന്ന പ്രദക്ഷിണത്തിന് ഇടവകാംഗങ്ങൾ നേതൃത്വം നൽകും. പള്ളിയുടെ വടക്ക് വശത്തെ പാലം കടന്ന് മാർക്കറ്റ് ചുറ്റി അമ്പലപ്പുഴ-തിരുവല്ല റോഡിന് സമീപത്തെ വലിയ കുരിശടി വലംവച്ച് പ്രദക്ഷിണം ദേവാലയത്തിൽ എത്തിച്ചേരും. തുടർന്ന് കൊടിയിറക്ക്. രാത്രി 9.30 ന് വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം നടയിൽ പ്രതിഷ്ഠിക്കുന്നതോടെ ഈ വർഷത്തെ തിരുനാൾ സമാപിക്കും. എട്ടാമിടം പെരുന്നാളിന് പള്ളിയിൽ നടക്കുന്ന എല്ലാ ചടങ്ങുകളുടേയും ഒരുക്കങ്ങൾ പൂർത്തിയായതായി വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ, കൈക്കാരന്മാരായ ജെയ്സപ്പൻ മത്തായി കണ്ടത്തിൽ, ജെയിംസുകുട്ടി കന്നേൽ തോട്ടുകടവിൽ, പി.കെ ഫ്രാൻസിസ് കണ്ടത്തിപറമ്പിൽ പത്തിൽ, ജനറൽ കൺവീനർ ബിനോയ് മാത്യു ഒലക്കപ്പാടിൽ, പബ്ലിസിറ്റി കൺവീനർ സോജൻ സെബാസ്റ്റ്യൻ കണ്ണന്തറ എന്നിവർ അറിയിച്ചു.

റോഡിലെ 'അഭ്യാസ'ക്കാർക്ക് എട്ടുദിവസത്തെ പരിശീലനം

കായംകുളം: കഴിഞ്ഞ 12 ന് കെ.പി റോഡിൽ അഭ്യാസപ്രകടനങ്ങൾ കാട്ടി വാഹനം ഓടിച്ചവർക്ക് മോട്ടോർ വാഹന വകുപ്പ് നടത്തുന്ന എടപ്പാളിലെ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിങ് ആൻഡ് റിസർച്ചിന് കീഴിൽ പരിശീലനം. കഴിഞ്ഞ ദിവസം കെ.പി റോഡിൽ അപകടകരമാംവിധം വാഹനം ഓടിച്ചവർക്ക് ശിക്ഷാ നടപടിയുടെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ സന്നദ്ധ സേവനം നൽകുന്നതിനായി ആലപ്പുഴ ആർ.ടി നിയോഗിച്ചിരുന്നു.

കൂടാതെ വാഹനം ഓടിച്ച്ആളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. ഈ സംഭവത്തിന് പിന്നാലെയാണ് കായംകുളം ഭാഗത്ത് സമാനമായ രീതിയിൽ വാഹനം ഓടിച്ചുകൊണ്ട് അഭ്യാസപ്രകടനം നടത്തിയത്. ഇവരിൽ ഒരാൾ 18 വയസിൽ താഴെയുള്ളതും ബാക്കിയുള്ളവർ 20 വയസിൽ താഴെയുള്ളവരുമാണ്.

● കെ.പി. റോഡിൽ അപകടകരമാംവിധം വാഹനം ഓടിച്ചവരെ കസ്റ്റഡിയിലെടുത്തപ്പോൾ.

18 വയസ് പൂർത്തിയാകാത്തവരെ ഐ.ഡി.ടി.ആർ പരിശീലനത്തിൽനിന്നും ഒഴിവാക്കി വിട്ടയച്ചു. മറ്റുള്ളവർ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരി ക്കുന്ന വാഹനം വിട്ടുനൽകൂ. വാഹനം ഓടിച്ച മർഫിൻ അബ്ദുൽറഹിമിന്റെ ലൈസൻസ് സസ്പെഡ് ചെയ്യും. റോഡ് സുരക്ഷയെക്കുറിച്ചും വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളെപ്പറ്റിയും കാൽനട യാത്രികരോടും മറ്റും കാണിക്കേണ്ട അനുകമ്പ, കരുതൽ എന്നിവ ഉൾപ്പെടെ പ്രതിപക്ഷ ബഹുമാനത്തോടെ നിരത്തുകളിൽ പെരുമാറുന്നതിനും വാഹനം ഓടിക്കുന്നതിനെക്കുറിച്ചുള്ള കൂടുതൽ അറിവും ഈ പരിശീലനത്തിലൂടെ ഇവർക്ക് ലഭ്യമാകും.

പരിശീലനത്തിന് വഴങ്ങുന്നില്ലെങ്കിൽ കേസ് പോലീസിന് കൈമാറുമെന്ന് ജില്ലാ ആർ.ടി.ഒ: ദിലു.എ.കെ അറിയിച്ചു.

അപകടകരമായി കാർയാത്ര നടത്തിയ യുവാക്കളെ ആർ.ടി ഓഫീസിലേക്ക് വിളിച്ചുവരുത്തിയാണ് ശിക്ഷ നൽകിയത്. കെ.പി റോഡിൽ രണ്ടാംകുറ്റിക്കും കറ്റാനത്തിനുമിടയിലാണ് യുവാക്കൾ അപകടകരമായി യാത്ര ചെയ്തത്. കാറിന് പിന്നിൽ സഞ്ചരിച്ചിരുന്നവർ വീഡിയോ ചിത്രീകരിച്ച് മോട്ടോർ വാഹന വകുപ്പിന് കൈമാറുകയായിരുന്നു. നിയമലംഘനം ബോധ്യപ്പെട്ടതിന് പിന്നാലെ മോട്ടോർ വാഹനവകുപ്പ് കാർ കസ്റ്റഡിയിലെടുത്തു.

കാറിൽ യാത്ര ചെയ്ത യുവാക്കളും മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർക്ക് മുന്നിൽ കീഴടങ്ങി. കെ.പി റോഡിൽ യുവാക്കളുടെ അപകട യാത്ര പതിവാകുന്ന സാഹചര്യത്തിലാണ് കർശന നടപടി സ്വീകരിച്ചത്. ഓച്ചിറ സ്വദേശിനിയുടേതാണ് യുവാക്കൾ സഞ്ചരിച്ചിരുന്ന കാർ.

ജോയ് വർഗീസ് മാധ്യമ പുരസ്കാരം ജിതിൻ ജോസിന്

ആലപ്പുഴ: മാധ്യമ പ്രവർത്തകനായിരുന്ന ജോയ് വർഗീസിന്റെ സ്മരണയ്ക്കായുള്ള മാധ്യമ പുരസ്കാരം മലയാള മനോരമ ആലപ്പുഴ യൂണിറ്റിലെ ജിതിൻ ജോസിന്. 15000 രൂപയും പ്രശസ്തിപത്രവും ഉപഹാരവും അടങ്ങുന്ന പുരസ്കാരം ജോയ് വർഗീസിന്റെ 13-ാം ചരമവാർഷിക ദിനമായ 19 ന് സമർപ്പിക്കും.

ആലപ്പുഴ വൈ.എം.സി.എ. ഹാളിൽ നടത്തുന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനവും പുരസ്കാര ദാനവും ഗോവ ഗവർണർ ഡോ. പി.എസ്. ശ്രീധരൻ പിള്ള നിർവഹിക്കും.

അഷ്ടമംഗല ദേവപ്രശ്നവും നവീകരണ കലശവും

കായംകുളം: കൃഷ്ണപുരം കാപ്പിൽമേക്ക് കുറക്കാവ് ദേവീക്ഷേത്രത്തിലെ അഷ്ടമംഗല ദേവപ്രശ്നവും നവീകരണ കലശവും സർപ്പബലിയും അഷ്ടബന്ധ സ്ഥാപനവും ഇന്ന് മുതൽ 19 വരെ നടക്കും. ഇന്ന് രാവിലെ ആറിന് അഷ്ടദ്രവ്യ ഗണപതിഹവനം, എട്ടിന് മഹാമൃത്യുഞ്ജയഹോമം വൈകിട്ട് ആറിന് സുദർശനഹോമവും ആവാഹന ചടങ്ങുകളും. നാളെ രാവിലെ 6.30 ന് തിലഹോമം, കാലു കഴുകിച്ചൂട്ട്. 16 ന് രാവിലെ ഏഴിന് ആചാര്യവരണം, അസ്ത്ര കലശപൂജ. 17 ന് രാവിലെ 6.30 ന് പ്രയശ്ചിത്ത ഹോമം.

18 ന് രാവിലെ ഏഴിന് വിഘ്നേശ്വര പൂജ, ബിംബശുദ്ധി ക്രിയകൾ, വൈകിട്ട് 5.30 ന് കർക്കരി പൂജ, ജീവകലശ പൂജ, അധിവാസ ഹോമം.

19 ന് പുലർച്ചെ അഞ്ചിന് പള്ളിയുണർത്ത് കലശത്തിങ്കൽ, മരപ്പണി, 6.15 നും 7.45 നും മധ്യേ കലശം എഴുന്നള്ളത്ത്, ജീവകലശാഭിഷേകം, ദ്രവ്യ കലശാഭിഷേകം, നൂറും പാലും, രാത്രി ഏഴിന് സർപ്പബലി. ചടങ്ങിന് തന്ത്രി ക്ലാക്കോട്ടില്ലം നീലകണ്ഠൻ പോറ്റി, മേൽശാന്തി മിഥുൻ നമ്പൂതിരി എന്നിവർ കാർമികത്വം വഹിക്കും.

24 മണിക്കൂർ ഫിഷറീസ് വകുപ്പ് കൺട്രോൾറൂം: നാളെമുതൽ

ആലപ്പുഴ: ജില്ലയിൽ മൺസൂൺകാല കടൽ രക്ഷാപ്രവർത്തനത്തിന്റെയും ട്രോൾ ബാന്റെയും ഭാഗമായി നാളെമുതൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾറൂം ആലപ്പുഴ, തോട്ടപ്പള്ളി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറന്ന് പ്രവർത്തിക്കുമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ഫോൺ 0477 2297707, 9447967155.

ബി.ടെക് എൻ.ആർ.ഐ. പ്രവേശനം

ആലപ്പുഴ: സർക്കാർ സഹകരണ എൻജിനീയറിങ് കോളജ് പുന്നപ്രയിൽ ബി.ടെക് എൻ.ആർ.ഐ ക്വാട്ടയിൽ സിവിൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ്, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് എന്നീ ബ്രാഞ്ചുകളിൽ 2024-25 വർഷത്തെ പ്രവേശനത്തിനായുള്ള അപേക്ഷ ക്ഷണിച്ചു.

കേരള എൻജിനീയറിങ് പരീക്ഷ (കീം 2024) എഴുതാത്ത യോഗ്യത നേടാത്ത വിദ്യാർഥികൾക്കും അപേക്ഷിക്കാം. www.cempunnapra.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 9846597311, 9947139652, 9447290841, 0477 2267311.

Kerala State Co-operative Bank
KERALA BANK
Regional Office, PB No: 104
Opposite Municipal Town Hall, Alappuzha-1

Quotation invited for following items for the period up to 31.03.2025.

1. Purchase of 3 KV 48 V inverter with 100AH tubular Batteries.
2. Purchase of batteries with various specification required for Branch purpose.
3. Electrical Connection split up Work for Load regularization.

For details contact Office Number **04772251682, 1683.**

TATA
ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
രജി.ഓഫീസ്: 11ാം നില, ടവർ എ, പെറിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) കൺപ്പം റൂൾ 8(6) പ്രകാരം

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) കൺപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വിണ്ടെടുപ്പില്ലാത്ത വിധത്തിൽ 30-05-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു 30-05-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേല വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് 29-05-2024 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ